**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2462** **24-06-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മെഡിസെപ്പ് പദ്ധതി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | നിലവിലെ പോളിസി കാലാവധി (2022-25) കഴിയുന്ന മുറയ്ക്ക് മാത്രമേ പദ്ധതി പരിഷ്കരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | കണ്ണൂർ ജില്ലയിലെ ഏതൊക്കെ ആശുപത്രികളെയാണ് മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | കണ്ണൂർ ജില്ലയിലെ മെഡിസെപ് -ൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റ് മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽ എന്ന മെനുവിൽ ലഭ്യമാണ്. |
| (സി) | ഹോമിയോ, ആയുർവ്വേദ ആശുപത്രികളെ കൂടി മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | **01.07.2022 -ൽ നിലവിൽ വന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് -ൽ നിലവിൽ അലോപ്പതി ചികിത്സയെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി തുടങ്ങി രണ്ട് വർഷം പൂർത്തിയാകുന്ന സാഹചര്യത്തിൽ കരാറിൽ നിന്നും വ്യതിചലിച്ച് നിലവിലെ പദ്ധതി കാലാവധിക്കുള്ളിൽ പുതിയതായി ഹോമിയോ, ആയുർവ്വേദ ചികിത്സകളെയും ആശുപത്രികളെയും കൂടി ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്.** |

സെക്ഷൻ ഓഫീസർ